Malappuram District Police

# 13/02/2018 തിരൂർ

മലപ്പുറം തിരൂരിൽ പൊലീസും ആന്റി പൈറസി സെല്ലും സംയുക്തമായി നടത്തിയ റെയ്ഡിൽ പുതിയ സിനിമകളുടെ വ്യാജപതിപ്പുകൾ പിടികൂടി. പകർപ്പവകാശമില്ലാത്ത 20 സിനിമകളുടെ വ്യാജപതിപ്പുകളാണ് പിടിച്ചെടുത്തത്. തിരൂരിലെ വിവിധ കടകളിലായി നടത്തിയ റെയ്ഡിലാണ് പുതിയ സിനിമകളുടെ വ്യാജസിഡികളും അനുബന്ധ ഉപകരണങ്ങളും പിടിച്ചെടുത്തത്.മാസ്റ്റർ പീസ്,സഖാവ് തുടങ്ങിയ സിനിമകളുടേതടക്കമുള്ള വ്യാജപതിപ്പുകൾ പിടിച്ചെടുത്തതിലുണ്ട്.

വ്യാജപതിപ്പുകൾ നിർമ്മിക്കാൻ ഉപയോഗിച്ച ലാപ് ടോപ്പ്, ഹാർഡ് ഡിസ്ക്ക് എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്. സംഭവവുമായി ബന്ധപെട്ട് ഒരാളെ അറസ്റ്റ് ചെയ്തു. താനൂർ സ്വദേശി കുറ്റിക്കാടൻ തൗഫീഖാണ് അറസ്റ്റിലായത്. തിരൂർ ഗൾഫ് മാർക്കെറ്റ് കേന്ദ്രീകരിച്ച് നേരത്തെ പുതിയ സിനിമകളുടെ വ്യാജപതിപ്പുകളുടെ നിർമ്മണവും വിതരണവും വൻ തോതില് നടന്നിരുന്നു.

ആന്റി പൈറസി വിഭാഗത്തിന്റെ ശക്തമായ നടപടികളെതുടർന്ന് കുറച്ചുകാലമായി ഇത്തരം നിയമവിരുദ്ധമായ പ്രവർത്തികള് കച്ചവടക്കാര് നിർത്തിവച്ചിരുന്നു. പരിശോധന അടക്കമുള്ള നടപടികൾ കുറഞ്ഞതോടെയാണ് വ്യാജസിഡി നിർമ്മാണവും വിതരണവും വീണ്ടും സജീവമായത്.